# വ്യാജപട്ടയങ്ങൾ: സി.ബി.ഐ. റിപ്പോർട്ട് സമർപ്പിച്ചു

കൊച്ചി: വനഭൂമിയും പൊതു ആവശ്യങ്ങൾക്കായി മാറ്റിവച്ചിട്ടുള്ള സർക്കാർ ഭൂമിയും വ്യാജരേഖകളുണ്ടാക്കി തട്ടിയെടുക്കുന്ന സംഭവങ്ങളെക്കുറിച്ചന്വേഷിച്ചിരുന്ന സി.ബി.ഐ. സംഘം റിപ്പോർട്ട് സമർപ്പിച്ചു.

നവംബർ 29ന് സീൽ ചെയ്ത കവറിലാണ് ഹൈക്കോടതി രജിസ്ട്രാർ മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത്. പാലക്കാട്, ഇടുക്കി ജില്ലകളിലായി അമ്പതോളം വ്യാജപട്ടയങ്ങൾ അന്വേഷണസംഘം വെളിച്ചത്തുകൊണ്ടുവന്നിട്ടുണ്ട്. സംസ്ഥാനമൊട്ടാകെ വേരുകളുള്ള ഒരു വ്യാജപട്ടയനിർമ്മാണസംഘം നിലവിലുണ്ട് എന്ന സംശയത്തിന്റെ പേരിൽ മാർച്ച് 23നാണ് ഹൈക്കോടതി സി.ബി.ഐ. അന്വേഷണത്തിന് ഉത്തരവിട്ടത്.

സംസ്ഥാനമൊട്ടാകെയുള്ള അന്വേഷണത്തിനാണ് ഹൈക്കോടതി സി.ബി.ഐ.യെ ചുമതലപ്പെടുത്തിയിരിക്കുന്നതെങ്കിലും ഇടുക്കി, പാലക്കാട് ജില്ലകളിൽ മാത്രമാണ് അന്വേഷണം നടത്തിയത്. സഹകരണസ്ഥാപനങ്ങളിൽ പണയം വെച്ച പട്ടയരേഖകൾ അടിസ്ഥാനമാക്കിയായിരുന്നു പ്രധാനമായും അന്വേഷണം. ഇത് വ്യാജപട്ടയങ്ങൾ നേടിയെടുത്ത വൻകിട ഭൂവുടമകളെ അന്വേഷണത്തിൽ നിന്നും രക്ഷപ്പെടുത്തി എന്ന് ആരോപണമുയർന്നിട്ടുണ്ട്. 1997ൽ എറണാകുളത്തെ നിയമവേദിയും ലോഹ്യവിചാരവേദിയും പൗരാവകാശ സമിതിയും ചേർന്നുനടത്തിയ അന്വേഷണത്തിൽ പാലക്കാട്ജില്ലയിൽ ഭൂമി തട്ടിയെടുത്തതായി കണ്ടെത്തിയ മുൻ സി.പി.ഐ. എം.എൽ.എ. കുമാരനും മന്ത്രി ശിവദാസമേനോന്റെ ബന്ധുക്കളുമൊന്നും ഇപ്പോഴത്തെ അന്വേഷണത്തിൽ ഉൾപ്പെട്ടിട്ടില്ല.

ജനതാദൾ നേതാവും മാതൃഭൂമി മാനേജിംഗ് ഡയറക്ടറുമായ എം.പി. വീരേന്ദ്രകുമാർ ഉൾപ്പെട്ട ഭൂമിതട്ടിപ്പിനെക്കുറിച്ചുള്ള രേഖകൾ മാതൃഭൂമി ഫ്രീപ്രസ്സ്ഫോറം പ്രസിഡന്റ് പി. രാജൻ സമർപ്പിച്ചിരുന്നെങ്കിലും സി.ബി.ഐ. അഭിഭാഷകൻ കെ.പി. സതീശൻ അന്വേഷണസംഘത്തിൽ നിന്നും അവ മറച്ചുവെയ്ക്കുകയായിരുന്നു. ഈ വിവരം കാണിച്ച് സി.ബി.ഐ. അധികാരികൾക്കും സെൻട്രൽ വിജിലൻസ് കമ്മീഷ്ണർക്കും അന്വേഷണറിപ്പോർട്ട് സമർപ്പിക്കുംമുമ്പുതന്നെ പി. രാജൻ പരാതി നൽകിയിരുന്നെങ്കിലും വയനാട്ടിലെ പട്ടയതട്ടിപ്പ് അന്വേഷിക്കുന്നതിനെക്കുറിച്ച് യാതൊരു പരാമർശവും റിപ്പോർട്ടിലില്ല.

1966ൽ ആദിവാസികൾക്കും ഭൂരഹിത കർഷകത്തൊഴിലാളികൾക്കും പതിച്ചുകൊടുക്കാനായി സർക്കാർ മാറ്റിവെച്ച ഭൂമിയിൽ നിന്ന് 14.44 ഏക്കർ ഭൂമിയാണ് വ്യാജരേഖകൾ ചമച്ച് വീരേന്ദ്രകുമാർ തട്ടിയെടുത്തത്.

1988ൽ വയനാട് സബ്കളക്ടറായിരുന്ന മാര്യപാണ്ഡ്യൻ അമ്പലവയലിലെ ഈ വനംതട്ടിപ്പിനെക്കുറിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. വീരേന്ദ്രകുമാർ സർക്കാർ ഭൂമി കയ്യേറിയതാണെന്നും രേഖകളിൽ കാപ്പിത്തോട്ടമെന്ന് കാണുന്ന സ്ഥലം സർക്കാർ ഭൂമിയിൽ നിന്ന് വൻതോതിൽ വനം മുറിച്ചുമാറ്റിയതാണെന്നുമായിരുന്നു മാര്യപാണ്ഡ്യന്റെ റിപ്പോർട്ട്. (ഫയൽ നമ്പർ A 9385/87 1). എന്നാൽ രാഷ്ട്രീയ സമ്മർദ്ദങ്ങളെത്തുടർന്ന് ഈ റിപ്പോർട്ടിന്മേൽ തുടർനടപടികളുണ്ടായില്ല. ഈ ഭൂമികയ്യേറ്റത്തിനെതിരെ, മീനങ്ങാടി, കല്പറ്റ പോലീസ് സ്റ്റേഷനുകളിൽ പരാതികൾ നിലവിലുണ്ടെങ്കിലും ഇതുവരെ പ്രഥമവിവര റിപ്പോർട്ട് തയ്യാറാക്കാൻ പോലും പോലീസ് തയ്യാറായിട്ടില്ല.